LIBRARY ARCHIVES Kerala Legislative Assembly

സ്പോർട്സ് ക്വാട്ട നിയമനം

35(35) ശ്രീ. സി. കൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സ്പോർട്സ് ക്വാട്ട നിയമനത്തിന് തെരഞ്ഞെടുത്തവർക്കുള്ള നിയമന ഉത്തരവുകൾ നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ തെരഞ്ഞെടുത്തവർക്ക് ഏതെല്ലാം വകുപ്പുകളിൽ ഏതൊക്കെ തസ്തികളിലേക്കാണ് നിയമനത്തിന് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2-6-2012-ലെ സ.ഉ. (എംഎസ്.) 134/2012/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 101 കായികതാരങ്ങൾക്കും 28-9-2012-ലെ സ.ഉ. (എംഎസ്.) 257/2012/പൊ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം 2 പേർക്കും, 22-8-2014-ലെ സ.ഉ. (എംഎസ്.) നമ്പർ 231/2014/പൊ.ഭ.വ. ഉത്തരവുപ്രകാരം ഒരാൾക്കും 21-4-2015-ലെ സ.ഉ. (എംഎസ്.) നമ്പർ 117/2015/പൊ.ഭ.വ. ഉത്തരവുപ്രകാരം 4 പേർക്കും വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിലായി 2006-2008, 2009 കാലയളവിൽ സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകുന്നതിന് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്*.

സർക്കാർ ചെലവിൽ നടത്തപ്പെട്ട വിദേശയാത്രകൾ

36(36) ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ. ചീഫ്വിപ്പ് എന്നിവർ നടത്തിയ വിദേശയാത്രകളിൽ വിദേശത്തുള്ള ഏതെങ്കിലും സംഘടനകളുടെയോ സ്ഥാപനങ്ങളുടെയോ ക്ഷണം സ്വീകരിച്ചുകൊണ്ട് നടത്തിയ വിദേശയാത്രകൾ ഏതെല്ലാമായിരുന്നു ; വ്യക്തമാക്കാമോ ;

(ബി) സർക്കാർ ചെലവിൽ നടത്തപ്പെട്ട വിദേശയാത്രകൾ ആദ്യം നിശ്ചയിക്കപ്പെട്ട യാത്രാപരിപാടികളിൽനിന്ന് മാറ്റംവരുത്തി യാത്രചെയ്തിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം മന്ത്രിമാരും ചീഫ് വിപ്പും ഏതെല്ലാം യാത്രാവേളയിൽ എന്തെല്ലാം നിലയിലുള്ള മാറ്റങ്ങൾ വരുത്തി യാത്ര ചെയ്യുകയുണ്ടായെന്ന് വ്യക്തമാക്കാമോ ;

(സി) ഔദ്യോഗിക യാത്രവേളയിൽ സ്വകാര്യയാത്രകൂടി നടത്തിയ മന്ത്രിമാർ ആരൊക്കെയെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.